**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 782** **08-10-2024 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡിന്റെ നിർദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്ത് നിന്നും കേരളത്തിലെ മറ്റ് തുറമുഖങ്ങളിലേക്ക് ചരക്ക് ഗതാഗതം നടത്തുന്നതിന് മാരിടൈം ബോർഡ് എന്തെല്ലാം നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മാരിടൈം ബോർഡിന് കീഴിലുള്ള നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചരക്ക് ഗതാഗതം പുനരാരംഭിക്കുവാൻ തയ്യാറായി മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു കമ്പനി തയ്യാറായി വന്നിട്ടുണ്ട്. ചരക്ക് ഗതാഗതം തുടങ്ങുവാൻ ആവശ്യമായ ചരക്ക് കണ്ടെയ്നറുകൾ ഉറപ്പാക്കിയാൽ മാത്രമേ ഈ സംരംഭം വിജയിക്കുകയുള്ളൂ. ആയതിനാൽ ഇത്തരത്തിൽ കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിന് ആവശ്യമായ ചരക്ക് കണ്ടെയ്നറുകൾ ഉറപ്പാക്കുവാൻ വ്യാപാര വാണിജ്യ മേഖലയുമായി ബന്ധപ്പെട്ട വ്യക്തികളും സംഘടനകളുമായുള്ള ചർച്ചകൾ നടന്നുവരുന്നു. |
| (ബി) | മാരിടൈം ബോർഡിന്റെ നിർദേശാനുസരണം ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിലേക്ക് ചരക്ക് ഗതാഗതം നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിവരുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ക്രെയിനും രണ്ട് റീച്ച് സ്റ്റാക്കറുകളും ലഭ്യമാണ്. ശേഷി കൂടിയ കണ്ടെയ്നറുകൾ കപ്പലുകൾ തുറമുഖത്ത് അടുപ്പിക്കുന്നതിന് ഡ്രെഡ്ജിംഗ്, വാർഫിന്റെ നീളം കൂട്ടൽ എന്നീ പ്രവൃത്തികൾ സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ചരക്കിന്റെ അളവ് കൂടുന്ന മുറയ്ക്ക് കോവിലകം ഭൂമി, സിൽക്കിന് പാട്ടത്തിന് കൊടുത്ത ഭൂമി എന്നീ ഭൂമികളിൽ കണ്ടെയ്നർ സ്റ്റാക്ക് യാർഡ് നിർമ്മിക്കുന്ന തിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. അഴീക്കൽ തുറമുഖത്ത് കോസ്റ്റൽ ഷിപ്പിംഗ് ഓപ്പറേഷന്റെ ഭാഗമായി സി.എസ്.ഡി. ചന്ദ്രഗിരി ഡ്രെഡ്ജർ ഉപയോഗിച്ച് അഴീക്കൽ കപ്പൽ ചാനലിന്റെ ആഴം 4 മീറ്ററായി സ്ഥിരമായി നിലനിർത്തുന്നതിന്റെ പ്രവർത്തനങ്ങളും, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ നടപടികളും പുരോഗമിക്കുന്നുണ്ട് . കൂടാതെ അഴീക്കൽ തുറമുഖത്തിന് ഭാരത സർക്കാറിന്റെ മർക്കന്റയിൽ മറൈൻ ഡിപ്പാർട്ട്മെന്റ്, കൊച്ചി മുഖാന്തിരം Statement of Compliance of Port Facility (ISPS |

| | | | |
|---|---|---|---|
| | | | Code) അംഗീകാരം അടുത്ത 5 വർഷക്കാലത്തേയ്ക്ക് ലഭ്യമായിട്ടുണ്ട് . |
| (സി) | ഇതനുസരിച്ച് എപ്പോൾ മുതൽ ചരക്ക് ഗതാഗതം ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | ചരക്ക് ഗതാഗതം തുടങ്ങുന്നതിന് കമ്പനി മാരിടൈം ബോർഡിനു മുമ്പാകെ വെച്ച നിർദ്ദേശങ്ങൾ വ്യാപാര മേഖലയിലെ പ്രതിനിധികളുമായി നടത്തുന്ന ചർച്ചകൾക്ക് ശേഷം കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതുണ്ട് . ആയതിനുശേഷം അനുമതി നൽകിയാൽ മൂന്നുമാസത്തിനകം ചരക്ക് ഗതാഗതം തുടങ്ങാനാകുമെന്ന് കമ്പനി പ്രതിനിധി ഉറപ്പ് നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ